**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംയോജിത നീർത്തട പരിപാലന പരിപാടി - കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ അവധി, യാത്രാബത്ത എന്നിവ സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം. 457/2014/തസ്വഭവ തിരുവനന്തപുരം, തീയതി, 18.02.2014.**

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 24.07.2013-ലെ 1940/എസ്.എൽ.എൻ.എ1/11/സി.ആർ.ഡി നമ്പർ കത്ത്

**ഉത്തരവ്**

പരാമർശത്തിലെ ഗ്രാമവികസന കമ്മീഷണറുടെ കത്തിലെ നിർദ്ദേശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, സംയോജിത നീർത്തട പരിപാലന പരിപാടി പദ്ധതി നടത്തിപ്പിനായി നിയമിക്കപ്പെട്ട കരാർ ജീവനക്കാരുടെ അവധി, യാത്രപ്പടി എന്നിവ സംബന്ധിച്ച് താഴെ പറയും പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. കേരള സർവ്വീസ് ചട്ടത്തിൽ ഭാഗം I അനുബന്ധം (viii) ൽ പറയുന്ന അവകാശങ്ങൾ കരാർ നിയമനം ലഭിച്ച IWMP ജീവനക്കാർക്കും ബാധകമാണ്.
2. എല്ലാ കരാർ നിയമനങ്ങളുടെയും കാലാവധി ഒരു വർഷമായിരിക്കും.
3. ഓരോ വർഷത്തേയും കരാർ കാലാവധി കഴിയുമ്പോഴേക്കും കരാർ ജീവനക്കാരന്റെ മുൻകാല പ്രവർത്തനക്ഷമതയും കാര്യനിർവ്വഹണശേഷിയും വിലയിരുത്തി യോഗ്യമെന്നു കണ്ടാൽ അവരെ അടുത്ത വർഷത്തേക്ക് അതത് സമയത്ത് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി പുതുക്കിയ കരാർ പ്രകാരം നിയമിക്കാവുന്നതാണ്. കരാർ കാലാവധി ഒരു വർഷത്തിലധികം നീട്ടി നൽകുവാൻ പാടുള്ളതല്ല.

4. കരാർ ജീവനക്കാർക്ക് ഒരവസരത്തിൽ അവധിദിവസങ്ങൾ ഉൾപ്പെടെ തുടർച്ചയായി 7(ഏഴ്) ദിവസത്തിൽ കവിയാതെ, വർഷത്തിൽ 12 (പന്ത്രണ്ട്) ദിവസത്തെ കാഷ്വൽ ലീവിന് അർഹതയുണ്ടായിരിക്കുന്നതാണ്.

5. $^{1}/_{11}$ എന്ന നിരക്കിൽ ഒരു വർഷം 15 (പതിനഞ്ച്) ദിവസത്തെ ആർജ്ജിതാവധിക്ക് അർഹതയുണ്ടായിരിക്കും. പരമാവധി 15 (പതിനഞ്ച്) ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ഒറ്റ പ്രാവശ്യമായി അനുവദിക്കേണ്ടതാണ്. അടുത്ത സാമ്പത്തിക വർഷത്തേക്ക് ആർജ്ജിതാവധി ക്യാരി ഓവർ ചെയ്യുവാൻ പാടുള്ളതല്ല.

6. കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് യാത്രാബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**

**മീരാറാണി.കെ.ജി.**
**അണ്ടർ സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ
4. ജില്ലാ കളക്ടർമാർ
5. ജില്ലാ ട്രഷറി ഓഫീസർമാർ
6. ധനകാര്യ വകുപ്പ് ( അനൗദ്യോഗിക നം.81654/ഡെവ1/13/ധന, തീയതി 06.01.2014 പ്രകാരം)
7. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8. തദ്ദേശസ്വയംഭരണ (ഡിഡി/ഐഎ) വകുപ്പ്
9. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ